പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ 184

08/03/2017 ൽ
മറുപടിക്ക്

## മലബാർ സിമന്റ്സ് നഷ്ടത്തിലാകാനിടയായതിന്റെ കാരണങ്ങൾ

ചോദ്യം

ശ്രീ.കാരാട്ട് റസാഖ്
ശ്രീ.എസ്.ശർമ്മ
ശ്രീ.പി.ടി.എ. റഹീം
ശ്രീ.പി. ഉണ്ണി

മറുപടി

ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

എ) മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്ന മലബാർ സിമന്റ്സ്, സിമന്റ് വിലയിൽ വർദ്ധനവ് ഉണ്ടായിട്ടും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഷ്ടത്തിലാകാനിടയായതിന്റെ കാരണങ്ങൾ അറിയിക്കാമോ;

എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മലബാർ സിമന്റ്സ് നഷ്ടത്തിലായിരുന്നില്ല. 2011-12 മുതൽ 2015-16 വരെയുള്ള കാലയളവിലെ ലാഭം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ലാഭം (കോടി രൂപ) |
|---|---|
| 2011-12 | 50.81 |
| 2012-13 | 31.71 |
| 2013-14 | 2.41 |
| 2014-15 | 15.79 |
| 2015-16 | 39.02 |

ബി) മുൻ സർക്കാരിന്റെ കാലത്ത് മാനേജ്മെന്റ് വ്യാപകമായ അഴിമതിയും ധൂർത്തും നടത്തുന്നുവെന്ന് കാണിച്ച് തൊഴിലാളി സംഘടന നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ വിശദപരിശോധന നടത്തിയിരുന്നോ; കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയായിരുന്നു;

ബി) 2015 ൽ പൊതുമേഖലാ സംരക്ഷണ സമിതി സെക്രട്ടറി, വാളയാർ, പാലക്കാട് നൽകിയ പരാതിയിൽ ക്യൂ.വി.25/15/പി.കെ.ഡി. ആയും മലബാർ സിമന്റ്സ് ജീവനക്കാരൻ ശ്രീ.ശ്രീധരൻ നൽകിയ പരാതിയിൽ ക്യൂ.വി.47/14/പി.കെ.ഡി. ആയും സത്വരാന്വേഷണങ്ങൾ നടത്തി മലബാർ സിമന്റ്സിൽ 2014-15 കാലയളവിൽ വിദേശത്തു നിന്നും ക്ലിങ്കർ ഇറക്കുമതി ചെയ്തതിലേയും കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനുമായി സഹകരിച്ച് സിമന്റ് വിപണനം നടത്തിയതിലേയും

ക്രമക്കേടുകളെക്കുറിച്ച് ക്യൂ.വി.25/15/പി.കെ.ഡി. ആയി സത്വരാന്വേഷണം നടത്തി. കൽക്കരി, ഡ്രൈ ഫ്ലൈ ആഷ് എന്നിവ കരാർ പ്രകാരം വാങ്ങാതെ മറ്റ് മാർഗ്ഗങ്ങളിലൂടെ അധിക വില നൽകി വാങ്ങിയതിലും സ്ഥാപനത്തിന് നഷ്ടം സംഭവിച്ചതിലും, കേവാറ്റ് സമയത്തിന് സർക്കാരിന് ഒടുക്കാത്തതിനെ തുടർന്ന് പിഴയിനത്തിൽ തുക അടയ്ക്കേണ്ടി വന്നതിലുമുള്ള ക്രമക്കേടുകളെ സംബന്ധിച്ച് ക്യൂ.വി.47/14/പി.കെ.ഡി. നമ്പരായി സത്വരാന്വേഷണം നടത്തി. ടി സത്വരാന്വേഷണങ്ങളിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് വി.സി.15/16/പി.കെ.ഡി., വി.സി.16/16/പി.കെ.ഡി. (ക്യൂ.വി.25/15/പി.കെ.ഡി.) വി.സി.17/16/പി.കെ.ഡി. (ക്യൂ.വി.47/14/പി.കെ.ഡി.) എന്നീ കേസുകൾ പാലക്കാട് വിജിലൻസ് പോലീസ് സ്റ്റേഷനിൽ 10.07.2016-ാം തീയതി രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നുണ്ട്.

സി) ഫ്ലൈ ആഷ് വാങ്ങിയതിലും അനാവശ്യമായി കൊച്ചിൻ പോർട്ടിൽ സിമന്റ് ഹബ്ബിനെന്ന പേരിൽ 150 കോടിയോളം രൂപ ചെലവഴിച്ചതിലും നടന്ന ഇടപാടുകൾ പരിശോധിച്ചിരുന്നോ; ഇതിൽ അഴിമതി കണ്ടെത്തിയിരുന്നുവോ; വിശദാംശം നൽകുമോ?

സി) ഫ്ലൈ ആഷ് വാങ്ങിയതുമായി ബന്ധപ്പെട്ട് നിലവിൽ കേസ് അന്വേഷണമില്ല. എന്നാൽ ഫ്ലൈ ആഷ് കരാറുമായി ബന്ധപ്പെട്ട് ബാങ്ക് ഗാരന്റി തുക കരാറുകാരൻ ബാങ്കിൽ നിന്നും കമ്പനി അറിയാതെ പിൻവലിച്ച കൊണ്ടുപോയതിന് വി.സി.13/16/ പി.കെ.ഡി. ആയി ഒരു കേസ് 09.07.2016 ന് പാലക്കാട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. കൊച്ചിൻ പോർട്ട് ട്രസ്റ്റിൽ 30 വർഷത്തെ പാട്ടത്തിന് 2.8057 ഹെക്ടർ സ്ഥലത്തിൽ മലബാർ സിമന്റ്സ് ഒരു സിമന്റ്സ് ലോജിസ്റ്റിക് ഹബ്ബ് സ്ഥാപിക്കുന്നതിനായി 160 കോടി രൂപയുടെ പദ്ധതിയ്ക്ക്

ഭരണാനുമതി ലഭിച്ചതിലെ ക്രമക്കേടിനെ കുറിച്ച് ഒരു സത്വരാന്വേഷണം പാലക്കാട് വിജിലൻസ് പോലീസ് സ്റ്റേഷനിൽ ക്യൂ.വി.2/16/പി.കെ.ഡി./എം.സി.എൽ. ആയി നടന്നു വരുന്നുണ്ട്.

Bindumol.K.N
സെക്ഷൻ ഓഫീസർ